21

# വ്യാപിക്കുന്ന ജ്വാല

## (8:1- 40)

സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊല്ലുന്നതോടെ പ്രവൃത്തി 7-ാം അദ്ധ്യായം അവസാനിക്കുന്നു. സ്തെഫാനൊസിനു, തന്റെ മരണഫല മായി കിട്ടിയതു കിരീടധാരണാഘോഷമായിരുന്നു. യെഹൂദ ന്യായാ ധിപസഭക്കു, കിട്ടിയതു നാശമായിരുന്നു.[1] ശൗലിന്നു, തന്റെ മനസാ ക്ഷിയിൽ കുത്തുകൊണ്ടു. സഭയ്ക്കു, ഇതിന്റെ ഫലമായി അവസാനം - ആജ്ഞ നിറവേറപ്പെട്ടു.

"ഭൂലോകത്തിൽ *ഒക്കെയും* പോയി" "*സകലജാ*തികളെയും ശിഷ്യ രാക്കിക്കൊൾവിൻ" എന്ന വെല്ലുവിളിയാണ് യേശു അപ്പൊസ്തല ന്മാർക്കു നല്കിയത് (മർക്കൊസ് 16:15; മത്തായി 28:19; എംഫസിസ് മൈൻ). "യെരുശലേമിലും, യെഹൂദ്യയിലും ശമര്യയിലും, ലോകത്തി ന്റെ അറ്റത്തോളവും 'എന്റെ സാക്ഷികൾ ആകുവിൻ,' എന്നാണ്, യേശു അവരോടു പറഞ്ഞതു" (പ്രവൃത്തി 1:8). സഭ ഒരു പട്ടണത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന മതമായി നില്ക്കുവാൻ യേശു ആഗ്രഹിക്കു*ന്നില്ല*. എങ്ങനെയായാലും, പല വർഷങ്ങൾ കഴിഞ്ഞിട്ടും,[2] 7-ാം അദ്ധ്യായ ത്തിന്റെ അവസാനഭാഗം വരെ, അടിസ്ഥാനമായി സഭ യെരുശലേമിൽ മാത്രമായി നില്ക്കുകയായിരുന്നു.[3]

യേശുവിന്റെ രണ്ടാമത്തെ പരിപാടിയിലേക്കു അപ്പൊസ്തലന്മാർ എന്തുകൊണ്ട് ഇതുവരെ പോയില്ല? അവന്റെ നിർദ്ദേശങ്ങൾ അവർക്കു മനസ്സിലായില്ലേ? മറ്റു സ്ഥലങ്ങളിലേക്കു പോകുന്നതിനു മുൻപു യെരു ശലേമിൽ വളരെകാര്യങ്ങൾ ചെയ്തു തീർക്കണമെന്നു അവർ കരു തിയോ? ("യെരുശലേമിൽ തന്നെ സഭാ പ്രവർത്തനങ്ങൾ നടത്തി മടുത്തു എന്നു പത്രൊസ് തന്റെ ഭാര്യയോടു പറയുന്നതു എനിക്കു ഊഹിക്കാൻ കഴിയും! സഭ ലോകം മുഴുവൻ വ്യാപിക്കുമ്പോൾ അതു എങ്ങനെയിരിക്കും എന്നു നിങ്ങൾക്കു ഊഹിക്കാൻ കഴിയുമോ?") കാരണം എന്തായാലും, ലോകം മുഴുവൻ വ്യാപിക്കേണ്ട സുവിശേഷം ചെളിയിൽ ആണ്ടു കിടക്കുന്നതു പോലെ കിടക്കുകയാണ്.

"*ആ* സമയത്തു, ഫലമായി, ദൈവം പറഞ്ഞു, 0 *ഇതാണ് സമ യം* - ഇപ്പോൾ സുവിശേഷം യെരുശലേമിനു പുറത്തുകടക്കാൻ സമയ മായി" "അന്നു യെരുശലേമിൽ സഭയ്ക്കു വലിയൊരു ഉപദ്രവം നേരി ട്ടു; അവരൊക്കെയും യെഹൂദ്യ, ശമര്യ തുടങ്ങിയ സ്ഥലങ്ങളിലേക്കു ചിതറിപ്പോയി" (8:1). ഇവിടെ നാം മന്ദമായി കാലടികളെ വെക്കാം; ദൈ

വമല്ല ഉപദ്രവം *തൊടുത്തുവിട്ടത്*, അതിന്റെ പിന്നിൽ സാത്താനായിരുന്നു, മതഭ്രാന്തനായിരുന്ന ശൗലിനെ ഉപകരണമായി സാത്താൻ ഉപയോഗിച്ചു – എന്നാൽ ദൈവം ഉപയോഗിച്ചു. ഞാൻ കുട്ടിയായിരുന്നപ്പോൾ, രണ്ടാം ലോകമഹായുദ്ധം കാരണം അമേരിക്ക വിഷമസന്ധിയിലായിരുന്നു. ആയിരക്കണക്കിനു ആളുകളുടെ ജീവൻ കവർന്ന ആ ഭയങ്കര പോരാട്ടം ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു എന്ന് ആരും പറയുകയില്ല, എന്നാൽ അതു അമേരിക്കയിലെ കർത്താവിന്റെ സഭയിൽ സുവിശേഷം അത്യന്താപേക്ഷിതം എന്നു പറയാൻ തുടങ്ങി അനേകർ തിരിച്ച് ചെന്ന് യുദ്ധംചെയ്ത ആ രാജ്യങ്ങളിൽ ചെന്നു സൗഖ്യമാക്കുന്ന യേശുവിന്റെ സുവിശേഷം അറിയിച്ചു. അതുപോലെ, സ്തെഫാനൊസിന്റെ മരണത്തോടെ ആരംഭിച്ച ഉപദ്രവം ദൈവം സഭയുടെ വളർച്ചയ്ക്കായി ഉപയോഗിച്ചു സാത്താൻ സഭയെ നശിപ്പിക്കുവാനാണ് ഉപദ്രവം തുടങ്ങിയത്; എന്നാൽ ദൈവം അതു സഭയുടെ വ്യാപ്തിക്കായി ഉപയോഗിച്ചു.

പ്രവൃത്തി 8-ന്റെ ആദ്യഭാഗത്തു സംഭവിച്ചതിനു ധാരാളം സാമ്യങ്ങൾ നിർദ്ദേശിക്കാൻ ഉണ്ട്. സഭയെരുശലേമിൽ കുപ്പിയിലടച്ചതു പോലെയായിരുന്നു എന്നു ഒരാൾ വിശദീകരിക്കയുണ്ടായി. ശൗലിന്റെ ഉപദ്രവം കുപ്പിയുടെ കഴുത്ത് തെറിപ്പിച്ചു, എല്ലാ ദിശയിലേക്കും സഭ വ്യാപിച്ചു. കാറ്റു വിത്തുകളെ ചിതറിക്കുന്നതു പോലെയായിരുന്നു സഭയെ ശൗൽ ഉപദ്രവിച്ചത് എന്ന് വേറൊരാൾ പറഞ്ഞു: അതു ചിതറി[4] വളരെ വലിയ വിളവു നല്കി ഒരു പക്ഷേ ഇതിനെ ഗ്രീസോ എണ്ണയോ തീ പിടിച്ചിട്ട് വെള്ളമൊഴിച്ച് അണക്കാൻ ശ്രമിച്ചാൽ; സംഭവിക്കുന്നതിനോട് ഉപമിക്കാം, തീ *പടരുകയേ* ചെയ്യുകയുള്ളു. 8-ാം അദ്ധ്യായത്തിൽ, ശൗൽ സഭയ്ക്കുനേരെ ഉപദേശം അഴിച്ചു വിട്ടപ്പോൾ, ക്രിസ്ത്യാനിത്വത്തിന്റെ ജ്വാല പടർന്നു!

### ജ്വാല വ്യാപിക്കുന്നു (8:1-4)

8-ാം അദ്ധ്യായം തുടങ്ങുന്നതു ഇങ്ങനെയാണ്: "അവനെ [സ്തെഫാനൊസ്] കുല ചെയ്തതു ശൗലിനു സമ്മതമായിരുന്നു" (8:1). ശൗലിനു താൻ ചെയ്തകാര്യങ്ങൾക്കു ന്യായാധിപസംഘത്തിന്റെ പിന്തുണയുണ്ടായിരുന്നു എന്ന് മറ്റൊരു ഭാഗത്തു നിന്നു നാം മനസ്സിലാക്കുന്നു (9:1, 2; 22:4, 5; 26:10); അവൻ ന്യായാധിപസഭയുടെ അടിയൻ ആയിരുന്നു.[5] അവന് തീർച്ചയായും ധാരാളം സഹായികൾ (ഒരു പക്ഷെ കൂലിക്ക് വിളിച്ചവർ),[6] അവന്നു തീർച്ചയായും വളരെയധികം നാശം വരുത്താൻ സാദ്ധ്യമല്ല. എങ്ങനെയായാലും, ഉപദ്രവത്തെ നയിച്ച "യുവാവ്" ശൗൽ ആയിരുന്നു, സ്തെഫാനൊസിനെ കല്ലെറിഞ്ഞ സാക്ഷികളുടെ വസ്ത്രം ഈ യുവാവിന്റെ കാല്ക്കൽ ആയിരുന്നു വെച്ചത് (7:58).

ഒന്നാം വാക്യം തുടരുന്നു: "അന്നു [സ്തെഫാനൊസ് മരിച്ച ദിവസം] യെരുശലേമിൽ വലിയ ഉപദ്രവം നേരിട്ടു അപ്പൊസ്തലന്മാർ ഒഴികെ എല്ലാവരും യെഹൂദ്യ, ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി" (8:1) ന്യായാധിപസഭയുടെ യാദൃശ്ചികമായ പ്രതികരണഫലമായിരുന്നു

സ്തെഫാനൊസിന്റെ കുല, ശക്തരും ധനികരുമായ ന്യായാധിപസംഘത്തിന്റെ വക്രമായ രഹസ്യഗൂഢാലോചനയുടെ ഫലമായിരുന്നു, ആ ഉപദ്രവം എന്നു ഞാൻ ഊഹിക്കുന്നു. ഒരുകൂട്ടം സ്രാവുകളെ പഠിക്കുമ്പോൾ, രക്തം അവയ്ക്കിടയിലേക്ക് ഒഴിച്ച് വ്യാപിക്കുമ്പോൾ കൊല്ലുവാനുള്ള അവയുടെ തീവ്രമായ പ്രവണത കാണുമ്പോലെ സ്തെഫാനൊസന്റെ രക്തം കണ്ടിട്ടും യേശുവിന്റെ ശത്രുക്കളുടെ ഭ്രാന്ത് മുഴുത്തു ക്രിസ്ത്യാനികളെ *മുഴുവൻ* നശിപ്പിക്കുവാൻ അവർ തീരുമാനിച്ചു!

"അന്നു യെരുശലേമിലെ സഭക്കു വലിയ ഉപദ്രവം നേരിട്ടു" എന്ന പദപ്രയോഗത്താൽ 8-ാം അദ്ധ്യായത്തിൽ ആദ്യത്തെ നാലു വാക്യങ്ങളിൽ സംഭവിച്ച കാര്യങ്ങൾ എല്ലാം സ്തെഫാനൊസ് മരിച്ച ദിവസം സംഭവിച്ചതല്ല. മറിച്ച്, ഉപദ്രവങ്ങൾ; സ്തെഫാനൊസ് മരിച്ച അന്നു തുടങ്ങി. ആ ദിവസം *തുടങ്ങിയ* ഉപദ്രവം പിന്നീട് അതിന്റെ മരണശേഷമാണ് ആളുകൾ പിരിഞ്ഞുപോയത് – അനേകം ദിവസങ്ങളോ അതു തുടർന്നിരുന്നു.

ഉപദ്രവം നേരിട്ടപ്പോൾ, "ശിഷ്യന്മാർ *യെഹൂദ്യ, ശമര്യ തുടങ്ങിയ* പ്രദേശങ്ങളിലേക്കു മാറി" (8:1; എംഫസിസ്മൈൻ).[7] ഈ വേദഭാഗം 1:8 സൂചന നല്കുന്നു, യേശു പറഞ്ഞു, "യെരുശലേമിലും *യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും*, എന്റെ സാക്ഷികൾ ആകും" (എംഫസിസ് മൈൻ). നാം ഇപ്പോൾ യേശുവിന്റെ പദ്ധതിയുടെ രണ്ടാം ഭാഗത്തിലേക്കു കടന്നിരിക്കുന്നു.

"*അപ്പൊസ്തലന്മാർ ഒഴികെ* ... അവർ ചിതറിപ്പോയി" എന്ന പ്രസ്താവന ശ്രദ്ധിക്കുക (8:1; എംഫസിസ്മൈൻ). മറ്റു ക്രിസ്ത്യാനികൾ ചിതറിപ്പോയപ്പോൾ അപ്പൊസ്തലന്മാർ എന്തുകൊണ്ട് പോയില്ല എന്നു നമുക്ക് അറിഞ്ഞുകൂടാ. ഒരു പക്ഷേ ശൗലും കൂട്ടരും അവരെ ഉപദ്രവിക്കാതെ വിട്ടിരിക്കാം, അവരുടെ ശക്തിയെ ഭയന്നിരിക്കാം. അവരുടെ അനുയായികൾ ഇല്ലെങ്കിൽ ശക്തി കുറക്കാമെന്ന് വിചാരിച്ചിരിക്കാം. ഒരു പക്ഷേ അപ്പൊസ്തലന്മാർ സാഹസപ്പെട്ടായാലും യെരുശലേമിൽ തങ്ങാൻ *വിചാരിച്ചിരിക്കാം* – ശൗലിന്റെ കാഴ്ച്ചയിൽ പെടാതിരിക്കുന്ന ക്രിസ്ത്യാനികളെ പ്രബോധിക്കയും ചെയ്യാമല്ലൊ,[8] തടവിലാക്കിയവരെയും പ്രബോധിപ്പിക്കാമെന്നു കരുതിയിരിക്കാം. അല്ലെങ്കിൽ വേറെ കാരണങ്ങൾ ഉണ്ടായിരുന്നേക്കാം.[9] ഉപദ്രവം അപ്പൊസ്തലന്മാരെ എങ്ങനെ ബാധിച്ചു എന്നാണ്, ഇതാദ്യമാണ് സഭയെ മൊത്തത്തിൽ ഉപദ്രവിക്കാൻ തുടങ്ങിയത്. അപ്പൊസ്തലന്മാർ സമ്മർദ്ദ മദ്ധ്യേ നില്ക്കുന്നു (4 ഉം 5 ഉം അദ്ധ്യായം) എന്നാൽ സഭയിലെ ശേഷിച്ച അംഗങ്ങളോ? അവർ എങ്ങനെയിരിക്കുന്നു?

നാം കൂടുതൽ അതിശയിക്കേണ്ട, വാക്യം 2 പറയുന്നു, "ഭക്തിയുള്ള പുരുഷന്മാർ സ്തെഫാനൊസിനെ അടക്കം ചെയ്തു. അവനെ കുറിച്ചു വലിയൊരു പ്രലാപം കഴിച്ചു" (വാക്യം 2). എറിയപ്പെട്ട സ്തെഫാനൊസിന്റെ ശരീരം രക്തത്താൽ നനഞ്ഞ മണ്ണിൽ കിടന്നപ്പോൾ, കോപിതരായ ജനക്കൂട്ടം അതിനെ അവിടെ വിട്ടിട്ടു പോയി, അവരുടെ രക്തദാഹം താല്ക്കാലികമായി ശമിച്ചു. ക്രിസ്ത്യാനികൾ,[10]

അവർ എടുത്ത സാഹസത്തെ മനസ്സിലാക്കി, ആ സ്ഥലത്തുചെന്ന് ആ നുറുങ്ങപ്പെട്ട ശരീരം അലിവോടെ എടുത്തു, വീട്ടിലേക്കു ചുമന്നു അടക്കത്തിനു വേണ്ട ഒരുക്കങ്ങൾ നടത്തി. മരണശിക്ഷക്കു വിധിച്ചവരുടെ ശരീരം അടക്കുന്നതിനു യെഹൂദനിയമം അനുവദിച്ചിരുന്നു. പക്ഷേ വിലാപം അനുവദിച്ചിരുന്നില്ല.[11] അപകടം ഉണ്ടായിരുന്നുവെങ്കിലും, ഈ ധൈര്യശാലികളായ പുരുഷന്മാർ അവരുടെ വിലാപം അടക്കി വെച്ചില്ല; അവർ ഉറക്കെകരഞ്ഞു!

ഇവർ ദു:ഖത്തെ അതിജീവിച്ചുകൊണ്ടിരിക്കുമ്പോൾ, ശൗൽ തന്റെ ഭ്രാന്ത് അതിജീവിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണ്: "എന്നാൽ ശൗൽ വീടുതോറും ചെന്നു, പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചിഴച്ചു,[12] തടവിൽ ഏല്പിച്ചുകൊണ്ട് സഭയെ മുടിച്ചുപോന്നു" (വാക്യം 3) "മുടിക്കുക" എന്നതിനു ഉപയോഗിച്ച ഗ്രീക്കു വാക്കിന്റെ അർത്ഥം മൃഗങ്ങൾ തങ്ങളുടെ ഇരയെ കിട്ടിയാൽ അതിന്റെ ശരീരത്തെ കടിച്ചു കീറുന്ന രീതിയെ സൂചിപ്പിക്കുകയാണ്. സഭയെ മുടിക്കുക എന്ന ഏക ഉദ്ദേശത്തോടെ ശൗൽ ഒരു വന്യമൃഗമായിതീർന്നു – അവൻ സ്ത്രീപുരുഷ ഭേദമന്യേ ആരെയും വെറുതെ വിട്ടില്ല. ഒരു പക്ഷേ അവനും കൂട്ടരും ക്രിസ്തീയ ഭവനത്തിൽ അതിക്രമിച്ചു കടന്നു, കുട്ടികളുടെ കൺ മുമ്പിൽ വെച്ച് മാതാപിതാക്കളുടെ കൈകൾ പുറകിൽ വലിച്ചു കെട്ടി, വലിച്ചിഴച്ചു തടവിലാക്കാൻ കൊണ്ടുപോയിരിക്കാം, തടവിലും, അവരെ അടിച്ചു പീഡിപ്പിച്ച്, അവരുടെ വിശ്വാസത്തെ തള്ളി കളയുവാൻ പ്രേരിപ്പിച്ചിരിക്കാം. ചിലരെ കൊല്ലുകയും ചെയ്തിട്ടുണ്ട്. പിന്നീട് തന്റെ മതഭ്രാന്തിനെ കുറിച്ചു ശൗൽ തന്നെ പറയുന്നുണ്ട്:

> ഞാൻ പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചു കെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും, മടിക്കാതെ ഉപദ്രവിച്ചു വന്നു ... [കർത്താവേ] നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിൽ ആക്കുകയും പള്ളിതോറും അടിപ്പിക്കയും ചെയ്തു ... മഹാപുരോഹിതന്മാരോടു അധികാര പത്രം വാങ്ങി വിശുദ്ധാത്മാവിൽ പലരെയും തടവിൽ ആക്കി അടച്ചു, ... അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുകൊണ്ട് ദൂഷണം പറവാൻ നിർബ്ബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ചു, അന്യപട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കയും[13] ചെയ്തു (22:4, 19; 26:10, 11).

8-ാം അദ്ധ്യായം 4-ാം വാക്യം നമ്മെ വീണ്ടും ചിതറിപോയവരിലേക്കു മടക്കിവരുത്തുന്നു. അവരെ ഒരു ചിത്രമായി നിങ്ങളുടെ മനസ്സിൽ സൂക്ഷിക്കുക. അവർ സ്വന്തമാക്കിയതെല്ലാം നഷ്ടപ്പെട്ടു – വീടുകൾ, ആട്ടിൻകൂട്ടം, വയലുകൾ, സമ്പാദ്യങ്ങൾ എന്നിവയെല്ലാം. ചെറിയ സാധനങ്ങൾ ചുമക്കാവുന്നതൊഴിച്ച് എല്ലാം നഷ്ടപ്പെട്ടു. പാലസ്തീനിലെ പൊടി നിറഞ്ഞ മൺപാതയിലൂടെ അവർ മന്ദമായി ചലിക്കുന്നതു കാണുക. അവർ റോഡിൽ മറ്റുള്ളവരെ മറി കടക്കുന്നവർക്കെല്ലാം, ആകാംഷ പരത്തികൊണ്ടാണ് പോകുന്നത്. "എന്തു പറ്റി?"

എന്ന് ആളുകൾ ചോദിച്ചിരിക്കാം, ആ ക്രിസ്ത്യാനികൾ എന്തു മറുപടി പറഞ്ഞിരിക്കുമെന്നാണ് നിങ്ങൾ ഊഹിക്കുന്നത്? "ഞങ്ങൾക്കുണ്ടായിരുന്നതെല്ലാം നഷ്ടപ്പെട്ടു എന്നാണോ"? "യേശുവിന്റെ അനുയായികൾ ആയിരിക്കുന്നതു പ്രയാസമുള്ള കാര്യമാണെന്നു ഞങ്ങൾ കണ്ടെത്തി എന്നാണോ"? "ഇതിലും കൂടുതൽ ചിന്തിക്കാൻ അറിയാമോ എന്നെനിക്കറിയില്ല"? 4-ാം വാക്യം ശ്രദ്ധിക്കുക: "അതുകൊണ്ട്, ചിതറിപ്പോയവർ വചനം സംസാരിച്ചു കൊണ്ട് അവിടവിടെ സഞ്ചരിച്ചു"! ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തിരിക്കുന്ന "പ്രസംഗം" സാധാരണ "പ്രസംഗം" എന്നല്ല, എന്നാൽ "സുവിശേഷിക്കുക" എന്ന വാക്കാണുള്ളത് - സുവാർത്ത അറിയിച്ചുകൊണ്ടാണ് അവർ സഞ്ചരിച്ചത്! ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾ "ലോകം എന്താണ്!" എന്നല്ല പറഞ്ഞത്, പിന്നെയോ, "ലോകത്തിലേക്കു എന്താണ് വന്നിരിക്കുന്നതു എന്നത്രെ!"

സ്തെഫാനൊസിന്റെ മാതൃകയിൽ നിന്നു ഈ ക്രിസ്ത്യാനികൾ ചിലതു പഠിച്ചു: അവരുടെ ശത്രുക്കൾക്കു അവരുടെ മാംസം ചതയ്ക്കാം; പക്ഷേ ആത്മാവിനെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല; അവരുടെ ജീവിതത്തെ അവർക്കില്ലാതാക്കാം. പക്ഷേ അവരുടെ സ്വാധീനിത്തെ ഇല്ലാതാക്കാനാവില്ല; അവർക്കു ഇവരുടെ ഭൗതിക വീടുകൾ എടുക്കാൻ കഴിയും. പക്ഷേ ആത്മീയ ഭവനം എടുക്കാനാവില്ല (യോഹന്നാൻ 14:1-3); ഇവരുടെ സമ്പാദ്യങ്ങൾ അവർക്കുകവർച്ചചെയ്യാം പക്ഷേ ഇവരുടെ സ്വർഗ്ഗീയ നിക്ഷേപങ്ങൾ കവരാൻ സാദ്ധ്യമല്ല (മത്തായി 6:20).[14]

### ജ്വാല വടക്കോട്ടു വ്യാപിച്ചു (8:5-25)

1 ഉം 4 ഉം വാക്യങ്ങളിലെ വിഷയം വിപുലീകരിച്ചു നമുക്കു 11-ാം അദ്ധ്യായത്തിൽ പഠിക്കാം: "സ്തെഫാനൊസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവാൽ ചിതറിപ്പോയവർ യെഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ ഫൊയിനിക്യ, കുപ്രൊസ്, അന്ത്യോക്യാ എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു" (11:19). ആ നിമിഷത്തിൽ, എങ്ങനെയായായാലും, യെരുശലേമിൽ നിന്നും അധികം ദൂരെയല്ലാതെ സുവിശേഷം അറിയിച്ച ഒരു സുവിശേഷകനായിരുന്ന ഫിലിപ്പൊസിനെയാണ് ലൂക്കൊസ് കേന്ദ്രീകരിച്ചത്: "ഫിലിപ്പൊസ് ശമര്യപട്ടണത്തിൽ ചെന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു" (8:5).

5 മുതൽ 25 വരെയുള്ള വാക്യങ്ങളിൽ ശമര്യക്കാരുടെ പരിവർത്തനങ്ങളെക്കുറിച്ചു പറയുന്നു: പ്രവൃത്തികളുടെ പുസ്തത്തിലെ *രണ്ടാമത്തെ* പരിവർത്തന വിശദീകരണമാണിത്. പെന്തെകൊസ്തുനാളിലെ പരിവർത്തന വിശദീകരണ വിവരം പ്രവൃത്തി രണ്ടാമദ്ധ്യായത്തിൽ, നല്കുന്നതാണ് ഒന്നാമത്തേത്. ഇതുവരെ, യെഹൂദന്മാരൊഴിച്ചു മറ്റാരും പരിവർത്തനം ചെയ്യപ്പെട്ടിട്ടില്ല - അതുകൊണ്ടു വിശദവിവരങ്ങൾക്കു പകരം, ചുരുങ്ങിയ വിവരമാണ് നമുക്കു നല്കുന്നതു:

> ... കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തി 2:47) മേല്ക്കുമേൽ അനവധി പുരുഷ

ന്മാരും സ്ത്രീകളും, കർത്താവിൽ വിശ്വസിച്ചു, ചേർന്നു വന്നു (5:14).

> ... ദൈവവചനം പരന്നു യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി, പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസ ത്തിനു അധീനരായിതീർന്നു (6:7).

ഇപ്പോൾ, എന്തായാലും, നാം സുവിശേഷം പകുതി യെഹൂദനും, പകുതി – ജാതിയും, ആയവരിലേക്കു എത്തുമ്പോൾ നാം ബൃഹത്തായ കാൽവെപ്പുനടത്തുകയാണ്. ഞാൻ പറഞ്ഞതു പോലെ നമുക്ക് “ബ്രിഡ്ജ്” കൺവെർഷനാണുള്ളത്. ഓരോ സമയത്തും പ്രവൃത്തി കളുടെ പുസ്തകത്തിൽ പരിവർത്തന വിവരങ്ങൾ വിശദമായി പ്രതി പാദിക്കും. ഇപ്പോൾ ഈ പരിവർത്തനം മറുകരയെത്തിക്കുന്ന ഒരു “പാലം” പോലെ സുവിശേഷ വ്യാപ്തി നടത്തുകയാണ്.

ഈ ക്രമത്തിന്റെ പ്രാധാന്യത്തെ നാം അഭിനന്ദിക്കണമെങ്കിൽ, ശമ ര്യക്കാരെയും അവർക്കു യെഹൂദന്മാരുമായുള്ള ബന്ധത്തെയും നാം മനസ്സിലാക്കിയിരിക്കണം.[15] യേശുവിന്റെയും അപ്പൊസ്തലന്മാരു ടേയും കാലഘട്ടത്തിൽ, ശമര്യക്കാർ പാലസ്തീന്റെ ഹൃദയ ഭാഗമായ ശമര്യ എന്ന പ്രദേശത്താണ് താമസിച്ചിരുന്നത്, അതു ഗലീലിക്കും യെഹൂ ദ്യക്കും മദ്ധ്യേ ആയിരുന്നു.[16] യെഹൂദന്മാരുടെ പ്രവാസഫലമായാണ് ശമര്യവർഗ്ഗം ഉണ്ടാകുന്നത് ആയിരക്കണക്കിനു യെഹൂദന്മാർ പ്രവാ സത്തിലേക്കു പോയി, പക്ഷേ കുറെപേർ പാലസ്തീനിൽ തന്നെ ആയി രുന്നു. മറ്റു രാജ്യങ്ങളിൽ നിന്നു സ്ഥിരതാമസത്തിനു വന്നവരെ പാസ്തീനിലേക്കയച്ചു ഈ ജാതികൾ യെഹൂദന്മാരുമായി മിശ്രവി വാഹം കഴിച്ചു. അതിന്റെ ഫലമായുള്ള വർഗ്ഗമായിരുന്നു ശമര്യക്കാർ – പകുതി യെഹൂദനും, പകുതി ജാതിയും, പകുതി ദൈവാരാധനകളും, പകുതി വിഗ്രഹാരാധികളും.[17] പ്രവാസത്തിലേക്കു കൊണ്ടു പോയവർ അവരുടെ മതത്തെയും വർഗ്ഗത്തിന്റെ പവിത്രതയെയും നിലനിർത്തി തിരിച്ച് പാലസ്തീനിൽ വന്നപ്പോൾ – ശമര്യക്കാരെ കുറഞ്ഞവരായിട്ടേ അവർക്കു കാണാൻ കഴിഞ്ഞുള്ളു. പുനർനിർമ്മാണത്തിൽ യെഹൂദ ന്മാർ ശമര്യരുടെ സഹായം നിരസിച്ചു, തൽഫലമായി യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്ത് ഇവർക്കിടയിൽ മതഭിന്നത നില നിന്നിരുന്നു. യെഹൂദന്മാരും ശമര്യക്കാരും പരസ്പരം *വെറുത്തിരുന്നു.* യേശുവും ശമര്യക്കാരിയും തമ്മിലുള്ള സംഭാഷണ കഥയിൽ, അതു പറയുന്നുണ്ട് “യെഹൂദന്മാർക്കും ശമര്യക്കാർക്കും തമ്മിൽ സമ്പർക്ക മില്ല” (യോഹന്നാൻ 4:9) – തിരിച്ചും അതു വാസ്തവമായിരുന്നു. ശമ ര്യക്കാരുമായി സുവിശേഷം പങ്കിടുവാൻ *വലിയ* കടമ്പകൾതന്നെ കട ക്കേണ്ടിയിരുന്നു.

സുവിശേഷം ശമര്യയിലെത്തിക്കാൻ ദൈവം തിരഞ്ഞെടുത്ത മനു ഷ്യൻ ഫിലിപ്പൊസായിരുന്നു. ഇതു അപ്പൊസ്തലനായിരുന്ന ഫിലിപ്പൊ സായിരുന്നില്ല (1:13), എന്നാൽ 6-ാം അദ്ധ്യായത്തിൽ, ഏഴുപേരെ തിര ഞ്ഞെടുത്തവരിൽ ഒരാളായ ഫിലിപ്പൊസ് ആണിത്. അപ്പൊസ്തലന്മാർ പറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നവനായിരുന്നു, അവൻ “നല്ല

സാക്ഷ്യം കൊണ്ടവൻ" "ആത്മാവും[18] ജ്ഞാനവും ഉള്ളവൻ" ആയിരുന്നു (6:3). അവൻ ഒരു യവനഭാഷക്കാരനായിരുന്ന യെഹൂദനായിരുന്നു – പാലസ്തീനു പുറത്തു ജനിച്ചു വളർന്നവൻ – അതുകൊണ്ടു ശമര്യക്കാരോടു പാലസ്തീനിലെ വൃദന്മാർക്കുണ്ടായിരുന്ന അത്ര ദുരഭിമാനം അവനുണ്ടായിരിക്കയില്ല.

"ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ ചെന്നു[19] അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു" (8:5). ഫിലിപ്പൊസ് പ്രവേശിച്ച പട്ടണം ഏതായിരുന്നു എന്നു നമുക്കു തീർച്ചയില്ല. പല പണ്ഡിതന്മാരും തീർച്ചയാക്കിയിരുന്നു "ശമര്യ" അർത്ഥമാക്കുന്നത് "ശമര്യ എന്നു പേരുള്ള നഗരം" അല്ലെങ്കിൽ "ശമര്യയുടെ തലസ്ഥാന നഗരമായിരിക്കാം," ആരംഭത്തിൽ ശമര്യ എന്നു വിളിച്ചിരുന്ന സെബാസ്ടെ,[20] എന്ന പട്ടണമാണ് ''ശമര്യ എന്നു പേർ വിളിച്ചിരിക്കുന്നത്'' എന്നാണ് അനേകം പണ്ഡിതൻമാർ കരുതുന്നത്. മറ്റുള്ളവർ തതുല്യമായി ഫിലിപ്പൊസ് മറ്റൊരു പട്ടണത്തിൽ പോയി[21] എന്നു കരുതുന്നു – ഒരു പക്ഷേ യേശുക്രിസ്തു കിണറ്റിനരികിൽ വെച്ചുകണ്ട സ്ത്രീകളുടെ പ്രദേശമായ സുഖാർ, ആയിരിക്കാം (യോഹന്നാൻ 4:4). സുഖാർ യേശുവിനെ സ്വീകരിച്ചുതുകൊണ്ട് ശമര്യക്കാർ വിളവ് അടുത്തിരിക്കുന്ന വയൽ പോലെയെന്നു യേശു പറയുന്നുണ്ട് (യോഹന്നാൻ 4:35). ഒരുപക്ഷെ, ദൈവകരുണയാൽ, ഫിലിപ്പൊസ് അവിടെ വിളവെടുപ്പ് നടത്താനെത്തി.

അപ്പൊസ്തലന്മാർ ഫിലിപ്പൊസിന്മേൽ കൈവെച്ചതുകൊണ്ട്,[22] സ്തെഫാനൊസിനെ പോലെ, ഫിലിപ്പൊസിനും അത്ഭുതം ചെയ്യുവാൻ കഴിഞ്ഞിരുന്നു (6:8). ഈ അത്ഭുതങ്ങൾ സദസ്യരെ ആകൃഷ്ടരാക്കി അവനിൽ വിശ്വസിയതയും ഉണ്ടായി[23] നാം വായിക്കുന്നതു,

> ഫിലിപ്പൊസ് ചെയ്ത അടയാളങ്ങളെ പുരുഷന്മാർ കേൾക്കയും കാൺകയും ചെയ്കയാൽ അവൻ പറയുന്നതു, ഏക മനസ്സോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അശുദ്ധാത്മാക്കൾ ബാധിച്ച പലരിൽ നിന്നും, അവ ഉറക്കെ നിലവിളിച്ചതു കൊണ്ടു പുറപ്പെട്ടു;[24] അനേകം പക്ഷപാതക്കാരും മുടന്തരും സൗഖ്യം പ്രാപിച്ചു.[25] അങ്ങനെ ആ പട്ടണത്തിൽ വളരെ സന്തോഷം ഉണ്ടായി (6–8).

എങ്ങനെയായാലും ആ പട്ടണത്തിൽ എല്ലാവരും സന്തോഷമുള്ളവരായിരുന്നില്ല, ഫിലിപ്പൊസ് അവിടെ വരുന്നതു വരെ മറ്റൊരാൾ ജനത്തിന്റെ ശ്രദ്ധ ആകർഷിച്ചിരുന്നു:

> എന്നാൽ ശിമോൻ എന്നു പേരുള്ളോരു പുരുഷൻ, ആ പട്ടണത്തിൽ ആഭിചാരം ചെയ്തു,[26] ഞാൻ മഹാൻ എന്നു പറഞ്ഞു; ശമര്യ ജാതിയെ ഭ്രമിപ്പിച്ചു പോന്നു, "ഇവൻ മഹതി എന്ന ദൈവശക്തി ആകുന്നു" എന്നും പറഞ്ഞ് ആബാലവൃദ്ധം, എല്ലവരും, അവനെ ശ്രദ്ധിച്ചു വന്നു ഇവൻ ആഭിചാരം കൊണ്ടു ഏറിയ കാലം അവരെ ഭ്രമിപ്പിക്കയാൽ അത്രേ അവർ അവനെ ശ്രദ്ധിച്ചത് (വാക്യങ്ങൾ 9–11).

ശിമോൻ എങ്ങനെ ശമര്യക്കാരെ വഞ്ചിച്ചുവെന്നു വാദിക്കുമ്പോൾ, അതെങ്ങനെ എന്നറിയാൻ ആഗ്രഹം കാണുമല്ലോ. യെഹൂദന്മാർ ആരാധിച്ചിരുന്ന അതേ ദൈവത്തെയാണ് ശമര്യക്കാരും ആരാധിച്ചിരുന്നത് ശമര്യക്കാരുടെ ബൈബിൾ, പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളായിരുന്നു – ഈ പുസ്തകങ്ങളിൽ ആഭിചാരത്തെ കർശനമായി വിലക്കിയിരുന്നു (പുറപ്പാട് 22:18; ആവർത്തനപുസ്തകം 18:10–12). ഒരേ സമയത്ത് ആഭിചാരകാരൻ ശിമോനിലും യഹോവയിലും ശമര്യർ എങ്ങനെ വിശ്വസിച്ചു എന്നു നാം അതിശയിച്ചുപോകും, എന്നാൽ നമുക്കു ചുറ്റുമുള്ള ലോകത്തിലേക്കു കണ്ണോടിച്ചാൽ അതു മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല അമേരിക്കയിൽ 90 ശതമാനത്തോളം ആളുകൾ ദൈവവിശ്വാസികൾ എന്നവകാശപ്പെടുന്നവരാണ് – എന്നാൽ ആത്മവിശ്വാസവും നിറഞ്ഞിരിക്കുന്നു. മിക്കവാറും എല്ലാ വർത്തമാനപത്രങ്ങളിലും മാസികകളിലും ജ്യോതിഷത്തിനു പ്രത്യേക കോളം ഉണ്ട്. “മാനസികമായ” ഉപദേശങ്ങൾക്കു കോടിക്കണക്കിനു രൂപയാണ് ചെവവിടുന്നത് “പുതുയുഗ” പ്രചാരം രാജ്യത്ത് ഒഴുകികൊണ്ടിരിക്കയാണ് പി.ടി. ബർനം[27] ഒരിക്കൽ പറഞ്ഞു, “ഓരോ നിമിഷവും ഒരു ചൂഷകൻ ജനിക്കുന്നു!” ലോകത്തിൽ എപ്പോഴും ശീമോൻമാരുണ്ട് – എന്തിനെയും കണ്ണടച്ചു വിശ്വസിക്കുന്നവർ ഇന്നും വിശ്വസിക്കാൻ തയ്യാറാവുന്നു!

ഫിലിപ്പൊസ് വന്നു *യഥാർത്ഥത്തിലുള്ള* അത്ഭുതം ചെയ്തപ്പോൾ, ശിമോന്റെ മിഥ്യാത്ഭുതങ്ങൾ ഒന്നുമല്ലാതായി.[28] “എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും, സ്നാനമേറ്റു” (വാക്യം 12). യെഹൂദന്മാരെ പോലെത്തന്നെ (2:38), ശമര്യക്കാരും വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യേണ്ടിയിരുന്നു.

ഫിലിപ്പൊസിന്റെ സന്ദേശ ശക്തി ശിമോനിൽ പ്രകടമായ സ്വാധീനം ചെലുത്തി: “ശിമോൻ താനും വിശ്വസിച്ചു; സ്നാനം ഏറ്റു, ഫിലിപ്പൊസിനോടു ചേർന്നുനിന്നു; വലിയ വീര്യപ്രവർത്തികളും അടയാളങ്ങളും നടക്കുന്നതു കണ്ടു, ഭ്രമിച്ചു” (വാക്യം 13).[29] ശിമോന്റെ പരിവർത്തനത്തിൽ, സംശയം പ്രകടിപ്പിച്ച ചിലർ അവൻ ആദ്യം രക്ഷിക്കപ്പെട്ടിരിക്കാനിടയില്ല എന്നു വാദിക്കുന്നുണ്ട് എന്നാൽ ലൂക്കൊസിന്റെ വിവരണത്തിൽ, എങ്ങനെയായാലും, മറ്റു ശമര്യക്കാർ ചെയ്ത ഉദ്ദേശത്തോടെ, അങ്ങനെ തന്നെയാണ് ശിമോനും ചെയ്തത് എന്നു വ്യക്തമാക്കുന്നു.

ശിമോൻ അടക്കമുള്ള, ശമര്യക്കാരിൽ രക്ഷയെത്തി! ഇത് പ്രാധാന്യമുള്ളതാണ്, എന്തായാലും, യെഹൂദന്മാരും ശമര്യക്കാരും ഫിലിപ്പൊസിന്റെ പ്രവൃത്തികൾ ദൈവത്തിന്റെ അംഗീകാരപ്രകാരമാണെന്നു മനസ്സിലാക്കി – അങ്ങനെ യെഹൂദന്മാരോടൊപ്പം ശമര്യക്കാരും തുല്യമായ കാൽവെപ്പ് നടത്തി നാം വായിക്കുന്നതു, “അനന്തരം യെരുശലേമിലുള്ള അപ്പൊസ്തലന്മാർ, ശമര്യർ ദൈവവചനം കൈകൊണ്ടു എന്നു കേട്ടു, പത്രൊസിനെയും യോഹന്നാനെയും അവരുടെ അടുക്കൽ അയച്ചു” (വാക്യം 14). അപ്പൊസ്തലന്മാർ യെരുശലേമിൽ

ജീവനും മരണത്തിലും ഇടക്കുള്ള പോരാട്ടത്തിലായിരുന്നു, എന്നാൽ അവർക്കു വടക്കുഭാഗത്തായി നടന്നുകൊണ്ടിരിക്കുന്ന സംഭവത്തിന്റെ പ്രാധാന്യം അവർ മനസിലാക്കി അങ്ങനെ ഏറ്റവും നല്ല രണ്ടുപേരായ: പത്രൊസിനെയും യോഹന്നാനെയും അവർ അയച്ചു.[30]

എന്തിനു വേണ്ടിയാണ് വാസ്തവത്തിൽ ഈ പ്രതിനിധികളെ അയച്ചത്? ആ പ്രവൃത്തി ദൈവത്തിന്റെ അംഗീകാരത്താലോ എന്നു പരിശോധിക്കുന്നതിനാ*യിരുന്നോ?* അങ്ങനെയെങ്കിൽ, അവർ അതു കണ്ടിട്ടു ദൈവത്തിന്റെ "അംഗീകാര മുദ്രയിട്ടിരിക്കാം":

> ... അവർ ചെന്നു, അവർക്കു പരിശുദ്ധാത്മാവു ലഭിക്കേണ്ടതിനു അവർക്കായി പ്രാർത്ഥിച്ചു, അന്നുവരെ അവരിൽ ആരുടെ മേലും ആത്മാവു വന്നിരുന്നില്ല. അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നേയുള്ളു; അവർ അവരുടെ മേൽ കൈവെച്ചപ്പോൾ, അവർക്കു പരിശുദ്ധാത്മാവു ലഭിച്ചു (വാക്യങ്ങൾ 14–17).

16–ാം വാക്യം ആദ്യം അല്പം അസാധാരണമെന്നു തോന്നിയേക്കാം: "അന്നുവരെ അവരിൽ ആരുടെ മേലും [പരിശുദ്ധാത്മാവു] വന്നിരുന്നില്ല; അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റിരുന്നേയുള്ളു." "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല," ശമര്യക്കാർ സ്നാനമേറ്റപ്പോൾ, അത് യെഹൂദന്മാർക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങളും, പരിശുദ്ധാത്മാവു എന്ന ദാനം അടക്കം ലഭിച്ചിരിക്കും (2:38; 5:32).[31] പിന്നെ, എന്താണ്, അന്നുവരെ "അവരിൽ ആരുടെമേലും പരിശുദ്ധാത്മാവു വന്നിരുന്നില്ല" എന്നു ലൂക്കൊസ് പറഞ്ഞതു? "മേൽ വരിക" അവരിൽ വരിക എന്ന പ്രയോഗം സാധാരണ ആത്മാവ് വസിക്കുന്നതിനായി നല്കുന്നതിനെയല്ല സൂചിപ്പിക്കുന്നത്. ഈ പദപ്രയോഗം, *അത്ഭുത*ശക്തിക്കായി പരിശുദ്ധാത്മാവു വരുന്നതിനെയാണ് സൂചിപ്പിക്കുന്നത് (10:44; 11:15). ലൂക്കൊസ് പറഞ്ഞതു പത്രൊസും യോഹന്നാനും വരുന്നതു വരെ, ശമര്യക്കാർക്ക് ആർക്കും *അത്ഭുതം ചെയ്യുവാനുള്ള* ആത്മാവുലഭിച്ചിരുന്നില്ല എന്നാണ്. ആ അത്ഭുത ശക്തിക്കായി പകർന്നു കൊടുത്ത ആത്മാവിനെ ഊന്നി 18–ാം വാക്യത്തിൽ പറയുന്നുണ്ട്: "അപ്പൊസ്തലന്മാർ കൈവെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചത് ശിമോൻ *കാൺകെ* അവർക്കു ദ്രവ്യം കൊണ്ടുവന്നു ..." (എംഫസിസ്മൈൻ) വ്യക്തികൾക്കുള്ളിൽ വസിപ്പാൻ നല്കുന്ന ആത്മാവു അടയാളത്തോടുക്കൂടിയല്ല കാണപ്പെടുന്നതു; അത്ഭുതശക്തിയായി നല്കുന്നതു പ്രത്യേക അടയാളത്തോടെയാണ്.

മുൻപു അപ്പൊസ്തലന്മാർ സ്തെഫാനൊസിന്മേലും ഫിലിപ്പൊസിന്മേലും കൈ വെച്ചും (6:6), അവർക്കു അത്ഭുതശക്തി കൊടുത്തിരുന്നു (6:8; 8:6–8). ഇപ്പോൾ, പത്രൊസും യോഹന്നാനും ശമര്യരുടെമേൽ കൈവെച്ചു: "പത്രൊസും യോഹന്നാനും ... ചെന്നു അവർക്കു പരിശുദ്ധാത്മാവു ലഭിക്കേണ്ടതിനു ... അവർക്കായി പ്രാർത്ഥിച്ചു, പിന്നെ അവർ അവരുടെമേൽ കൈവെച്ചപ്പോൾ, അവർക്കു പരിശുദ്ധാത്മാവു ലഭിച്ചു" (8:14, 15, 17).

അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ഫിലിപ്പൊസിനു ലഭിച്ചുതായ അത്ഭുതശക്തി, അവൻ കൈവെച്ചു മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ കഴിഞ്ഞില്ല എന്ന സൂചന ശ്രദ്ധിക്കൂ.[32] മറിച്ച്, ഈ പ്രത്യേക വരം ആളുകൾക്ക് ലഭിക്കേണ്ടതിനു അപ്പൊസിതലന്മാർ വന്നു അവരുടെ മേൽ കൈവെക്കണമായിരുന്നു. 18-ാം വാക്യം പറയുന്നതു "*അപ്പൊസ്തലന്മാർ* കൈവെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു ശിമോൻ കണ്ടാറെ അവർക്കു ദ്രവ്യം കൊണ്ടുവന്നു എന്നാണ്" (എംഫസിസ്മൈൻ). അപ്പൊസ്തലന്മാരും അപ്പൊസ്തലന്മാരുടെ കൈവെപ്പു ലഭിച്ചവരും മരിച്ചതോടെ, അത്ഭുതം ചെയ്യുവാനുള്ള കഴിവുനിന്നു പോയി.[33]

ശമര്യക്കാരിൽ പ്രത്യേക അത്ഭുതവരങ്ങൾ പ്രദാനം ചെയ്യാൻ പോയ പത്രൊസിലും യോഹന്നാനിലും ചുരുങ്ങിയതു രണ്ടുകർമ്മവിഷയങ്ങളാണ് ഉണ്ടായിരുന്നത്. ഒന്നാമതു, ദൈവം ശമര്യക്കാരെയും തന്റെ സഭയുടെ ഭാഗമാക്കുന്നു എന്നു അവരുടെ പ്രവൃത്തിയാൽ കാണിച്ചുകൊടുക്കണം.[34] രണ്ടാമതു, ഈ വരങ്ങൾ നൽകൽ, പത്രൊസും, യോഹന്നാനും, ഫിലിപ്പൊസും പോയാലും ശമര്യക്കർക്കു സ്വയമായി നില്ക്കാൻ കഴിയണം. ദൈവ പദ്ധതിയിൽ ഫിലിപ്പൊസിനു ഉടനെ അവിടം വിട്ടു പോകേണ്ടതായിട്ടുണ്ട് (8:26).

18-ാം വാക്യത്തിലേക്കു മടങ്ങിവരുമ്പോൾ അവിടെ ശിമോന്റെ വീരകഥകാണാം. പത്രൊസും യോഹന്നാനും അത്ഭുതവരങ്ങൾ പകർന്നു കൊടുത്തതു കണ്ടപ്പോൾ, ശിമോന്റെ അഭിലാഷം പ്രകാശപൂരിതമായി പുറത്തുകടന്നു:

> അപ്പൊസ്തലന്മാർ കൈവെച്ചതിനാൽ പരിശുദ്ധാത്മാവു ലഭിച്ചതു ശിമോൻ കണ്ടാറെ,[35] അവർക്കു ദ്രവ്യം കൊണ്ടുവന്നു,[36] "ഞാൻ ഒരുത്തന്റെ മേൽ കൈവച്ചാൽ, അവന്നു പരിശുദ്ധാത്മാവു ലഭിക്കാൻ തക്കവണ്ണം ഈ അധികാരം എനിക്കും തരേണം എന്നു പറഞ്ഞു" (വാക്യങ്ങൾ 18, 19).

ശിമോൻ ഈ കഴിവ് ആഗ്രഹിച്ചതെന്തുകൊണ്ട്? നമുക്കു തീർച്ചയുള്ളതു ശിമോനു പത്രൊസിനോടും യോഹന്നാനോടും ചോദിച്ചതിൽ തെറ്റു പറ്റി, എന്നതാണ്.

> പത്രൊസ് അവനോട്, "ദൈവത്തിന്റെ ദാനം[38] പണത്തിനു വാങ്ങിക്കൊള്ളാം എന്നു നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടുക്കൂടെ നശിച്ചുപോകട്ടെ![37] നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്ക[40] കൊണ്ടു ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല,[39] നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക, പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചുകിട്ടുമായിരിക്കും. നീ കയ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു എന്നു പറഞ്ഞു" (വാക്യങ്ങൾ 20-23).[41]

പത്രൊസിന്റെ ശക്തമായ വാക്കുകൾ കണ്ടു ചില എഴുത്തുകാർ പറയും, "ഞാൻ പറഞ്ഞില്ലെ ശിമോൻ ഒരിക്കലും യഥാർത്ഥത്തിൽ പരിവർത്തനം ചെയ്തിട്ടില്ല എന്ന്!" ശിമോൻ ക്രിസ്ത്യാനിയായി തീർന്നില്ല എന്നു പത്രൊസിന്റെ വാക്കുകൾ വ്യക്തമാക്കുന്നില്ല. മറിച്ച്, ഓരോ പുതിയ പരിവർത്തകനും മനസ്സിലാക്കേണ്ട മൂന്നു പ്രധാന സത്യങ്ങൾ ഊന്നി പറയുകയാണ്: (1) ദൈവമക്കളാണെങ്കിൽ, നമുക്കു പാപം ചെയ്യാൻ കഴിയും (യാക്കൊബ് 5:19, 20).[42] (2) നാം ക്രിസ്ത്യാനിയായി തീർന്ന ശേഷവും, നമ്മുടെ ജഡികബലഹീനത നമ്മിലുണ്ട്. പൗലൊസ്, ഉയർന്ന ഒരു "വിശുദ്ധനായി തീർന്നിട്ടും" ജഡിക പരീക്ഷണങ്ങളിൽ നിന്നു അവൻ മുക്തനായിരുന്നില്ല (റോമർ 7). അവന്നു തന്റെ ശരീരം നിയന്ത്രിക്കേണ്ടതിനു[43] "ദണ്ഡിപ്പിക്കേണ്ടിയിരുന്നു" (1 കൊരിന്ത്യർ 9:27). ദൈവം നമ്മുടെ ബലഹീനതകളെ നീക്കുകയില്ല, പകരം അവയെ അതിജീവിക്കാൻ ശക്തി പകരും. പുതിയ ക്രിസ്ത്യാനി, അവന്റെ ബലഹീനതകളെ അറിയുകയും, പരീക്ഷണങ്ങളിൽ നിന്നു അകന്നു നില്ക്കുകയും വേണം (1 കൊരിന്ത്യർ 10:12)! (3) ക്രിസ്ത്യാനികളായി തീർന്നിട്ടു വ്യസനിപ്പിക്കുന്ന വിധം പാപം ചെയ്താലും നമുക്കു ദൈവത്തിലേക്കു മടങ്ങിവരാൻ കഴിയും!

പുതിയ ക്രിസ്ത്യാനികളോടൊപ്പം പത്രൊസും യോഹന്നാനും, കുറച്ചു ദിവസം ചെലവഴിച്ച ശേഷം അവർ തങ്ങളുടെ സ്വദേശത്തേക്കു തിരിച്ചു പോയി, "നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക പക്ഷെ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും" (വാക്യം 22; എംഫസിസ്മൈൻ) "കിട്ടുമായിരിക്കും" എന്ന വാക്കുകൾ ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ കഴിവിനെയല്ല സൂചിപ്പിക്കുന്നത്, മറിച്ച് ശിമോന്റെ മാനസാന്തരപ്പെടുവാനുള്ള കഴിവിനെയാണ് സൂചിപ്പിക്കുന്നത്. അവർ ശിമോനെ നിരുത്സാഹപ്പെടുത്തുകയായിരുന്നില്ല, ഉത്സാഹിപ്പിക്കയായിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത് (യോവേൽ 2:12-14). ഫലത്തിൽ പത്രൊസ് പറഞ്ഞത്, "നീ മാനസാന്തരപ്പെട്ടാൽ, നിന്റെ ഹൃദയത്തിലെ കയ്പ് മധുരമായി തീരും! നിനക്കു മാനസാന്തരപ്പെടാൻ കഴിഞ്ഞാൽ, പാപത്തിന്റെ കൊളുത്തുകൾ വീണ്ടും അറ്റുപോകും എന്നാണ്!"

ശിമോന്റെ നിരാശാജനകമായ അവസ്ഥ തിരിച്ചറിയേണ്ടതിനു അവനെ ഞെട്ടിക്കുക എന്ന പത്രൊസിന്റെ വാക്കുകൾ, ഉദ്ദേശിച്ച ഫലം കണ്ടു. "അതിനു ശിമോൻ, നിങ്ങൾ പറഞ്ഞതു ഒന്നും എനിക്കു ഭവിക്കാതിരിപ്പാൻ കർത്താവിനോട് എനിക്കു വേണ്ടി പ്രാർത്ഥിപ്പിൻ എന്നു ഉത്തരം പറഞ്ഞു" (വാക്യം 24) ഒരിക്കൽ കൂടെ, വിമർശകർ ശിമോന്റെ പ്രവൃത്തിയെ "അവൻ പ്രാർത്ഥിക്കാതെ അപ്പൊസ്തലന്മാരോടു പ്രാർത്ഥിപ്പിനാണ് പറഞ്ഞതെന്നു" അഭിപ്രായപ്പെട്ടേക്കാം, ശിമോൻ പ്രാർത്ഥിപ്പാൻ പരാജയപ്പെട്ടു എന്നു ലൂക്കൊസ് പറഞ്ഞില്ല തന്റെ പ്രാർത്ഥനകൂടാതെ തെറ്റിന്റെ ആഴം മനസ്സിലാക്കി അവൻ അപ്പൊസ്തലന്മാരോടു പ്രാർത്ഥിപ്പാൻ കരഞ്ഞ് അപേക്ഷിച്ചതാകാം. സഹക്രിസ്ത്യാനികളോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നതു തെറ്റല്ല (യാക്കൊബ് 5:16).[44] ഞാൻ കരുതുന്നതു ശിമോന്റെ ഉദ്ദേശം പരമാർത്ഥവും ആത്മാ

വുമായിരുന്നു എന്നാണ് - ആഭിചാരക്കാരനായിരുന്ന ശിമോന്റെ മുട്ടിൻ മേൽ നിന്നു പാപബോധത്തോടെ യാചിക്കുന്ന കാഴ്ച്ചയാണ് നമുക്കു കിട്ടുന്നത്.[45]

പത്രൊസും യോഹന്നാനും കുറെനാൾ അവിടെ പുതിയ ക്രിസ്ത്യാനികളോടൊപ്പം ചെലവഴിച്ച ശേഷം, മടങ്ങിപ്പോയി: "അതിനാൽ, അവർ കർത്താവിന്റെ വചനം സാക്ഷീകരിച്ചു[46] പ്രസംഗിച്ച ശേഷം ശമര്യക്കാരുടെ അനേക ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു കൊണ്ടു യെരുശലേമിലേക്കു മടങ്ങിപ്പോയി" (വാക്യം 25).[47] യേശുക്രിസ്തു അപ്പൊസ്തലന്മാരോടു യെഹൂദ്യ, ശമര്യ എന്നിവിടങ്ങളിൽ എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞതു നിറവേറി, ഫിലിപ്പൊസ് തൊടുത്തു വിട്ട തീ ശമര്യയിലെ ഒരു പട്ടണത്തിൽ നിന്നു ആ ദേശം മുഴുവൻ വ്യാപിച്ചു.

### ജ്വാല തെക്കോട്ട് വ്യാപിക്കുന്നു
### (8:26-40)

സുവിശേഷ ജ്വാല യെരുശലേമിൽ നിന്നു വടക്കോട്ട് മാത്രമല്ല; തെക്കോട്ടു വ്യാപിക്കാൻ തുടങ്ങി. ഐത്യോപ്യയിലേക്കു മടങ്ങി വരികയായിരുന്ന രാജ്ഞിയുടെ ഭണ്ഡാര വിചാരകനായിരുന്ന ഷണ്ഡൻ സുവിശേഷം കൈക്കൊണ്ടു പരിവർത്തനം ചെയ്യപ്പെട്ട സംഭവമാണ് 26 മുതൽ 40 വരെയുള്ള വാക്യങ്ങളിൽ, നാം കാണുന്നത് പരിവർത്തനത്തെ, വിശദമായി മറ്റൊരു പാഠത്തിൽ നമുക്കു പഠിക്കാം, അതു മറ്റൊരു "ബന്ധിപ്പിക്കുന്ന" പരിവർത്തനമാണ്. ഷണ്ഡൻ ജാതിയിൽ നിന്നു മാറി യഹൂദനായി തീർന്നവനാകാം വേറൊരു വിധത്തിൽ പറഞ്ഞാൽ, ഒരു യെഹൂദമതാനസാരി - അതു യെഹൂദന്മാരെയും ജാതികളെയും സുവിശേഷത്താൽ ബന്ധിപ്പിക്കുന്ന ഒരു ഘടകമായിരുന്നു[48] പ്രധാനപ്പെട്ടകാര്യം, ഏതെന്നാൽ ഈ മനുഷ്യൻ പരിവർത്തന ശേഷം, അവൻ തന്റെ സ്വദേശമായ ആഫ്രിക്കയിലേക്കു രക്ഷാ സുവിശേഷവുമായി പോയി എന്നതാണ്.[49] യേശുവിന്റെ സന്ദേശം എല്ലാ ദിശയിലേക്കും വ്യാപിക്കുന്നു.

### ഉപസംഹാരം

ഇന്നു, ചില ഇടവകകളിൽ പഴയ ഉപദേഷ്ടാക്കന്മാരെ മാറ്റി "ശമ്പളം - കൊടുത്തു" പുതിയ ഉപദേഷ്ടാക്കന്മാരെ വെക്കുന്ന സമ്പ്രദായമുണ്ട്: പുരാതന പാശ്ചാത്യ ടൗണുകളിൽ, ചിലപ്പോൾ ''മോശമായ ആളുകളെ,'' ഏർപ്പെടുത്തുമായിരുന്നില്ല. അങ്ങനെ അവർ തോക്കുധാരിയായ ആളെ ടൗൺ വൃത്തിയാക്കാൻ ആക്കും. അങ്ങനെയാണെങ്കിലും, സഭയുടെ വളർച്ചക്ക് അതാണാവശ്യമെന്ന് അവർ കരുതുന്നു. അവർ വിചാരിക്കുന്ന ഉപദേഷ്ടാക്കന്മാരെ വെച്ചാൽ, അവർ ഉദ്ദേശിക്കുന്ന വളർച്ചയുണ്ടാകുമെന്നാണ് (അതായത്, മുഴുവൻ - സമയ, ശമ്പളത്താൽ). "ശരിയായ ഉപദേഷ്ടാക്കന്മാരെ നിയമിച്ചാൽ 'എല്ലാ പ്രശ്നങ്ങളും തീരും' എന്നാണ് അവർ കരുതുന്നത്."[50] ആദിമ സഭയ്ക്ക് ഈ മനോഭാവം ഉണ്ടായിരുന്നില്ല. ചിതറിപ്പോയവരുടെ കൂടെ

“മുഴുവൻ - സമയ പ്രവർത്തകർ” (അപ്പൊസ്തലന്മാർ)[51] ഉണ്ടായിരു*ന്നില്ല* എന്നു ലൂക്കൊസ് വ്യക്തമാക്കുന്നു, “സാധാരാണക്കാരായ” അംഗങ്ങൾ അസാധാരണരീതിയിൽ ‘‘വചനം സംസാരിച്ചുകൊണ്ട് സഞ്ചരിച്ചു.”[52] ആൺകുട്ടികൾ, പെൺകുട്ടികൾ, പുരുഷന്മാർ, സ്ത്രീകൾ - *എല്ലാവരും* സുവിശേഷം മറ്റുള്ളവരുമായി പങ്കിട്ടു! “സഭയുടെ വളർച്ചാ രഹസ്യത്തിനു” ഈ പ്രസ്താവനയേക്കാൾ നല്ലൊരു പ്രസ്താവന പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുകയില്ല!

എല്ലാ ക്രിസ്ത്യാനികളും - ഇന്ത്യയിലും അമേരിക്കയിലും - ലോകത്തെയും കണ്ടുമുട്ടുന്നവരോടും സുവിശേഷം പങ്കിടുന്നു! കർത്താവിന്റെ ഇംഗിതം നിറവേറുന്ന ആ ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു!

---

കുറിപ്പുകൾ

[1]“യെഹൂദന്മാർക്കു കിട്ടിയ അവസാന അവസരമായിരുന്നു” സ്തെഫാനൊ സിന്റെ പ്രസംഗം എന്നു ചിലർ പറഞ്ഞിട്ടുണ്ട്. ഇതൊരു അധികപറ്റായ പ്രസ്താവന യാണ് പൗലൊസും മറ്റുള്ളവരും എവിടെയെല്ലാം പോയോ അവിടെയെല്ലാം അവർ യെഹൂദന്മാരെ കണ്ടെത്തിയിട്ടുണ്ട് (പ്രവൃത്തിയുടെ പുസ്തകം അവസാനിപ്പിക്കുന്നതു നോക്കുക 28:16-31). ഇത്, എങ്ങനെയായാലും, *യെരുശലേമി*ലുള്ളവരിലേക്കു അവസാനം ദൈവം മുഖ്യമായി പ്രവർത്തിച്ചതാകാം (മത്തായി 23:37, 38). മുപ്പതിലധികം വർഷങ്ങൾക്കു ശേഷം, വെസ്പാനിയനും ടൈറ്റസും അവരുടെ പട്ടാളക്കാർ യെരുശലേമിനേയും ദൈവാലയത്തേയും നശിപ്പിക്കയും, ദശലക്ഷക്കണക്കിനു ആളുകളെ കൊല്ലുകയും ചെയ്തു. [2]മൂന്നു നാലു വർഷങ്ങൾക്കു മുകളിൽ ഏഴു എട്ടു വർഷങ്ങൾ കൊണ്ട് കാലനിർണ്ണയം വ്യത്യാസപ്പെടും. [3]പെന്തെകൊസ്തു നാളിൽ പരിവർത്തനം ചെയ്തവർ ആരെങ്കിലും വീട്ടിലേ ക്കും തിരിച്ചുപോയോ എന്നതിനെക്കുറിച്ച് ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. കൂടാതെ, “യെരുശലേമിൽ നിന്നു കാണാവുന്നത്ര ദൂരത്തിലുള്ള പട്ടണങ്ങളിൽ നിന്നു രോഗികളെ” സൗഖ്യമാക്കുവാൻ കൊണ്ടു വന്നു (പ്രവൃത്തി 5:16), ചിലർ യെരുശലേമിന്റെ പരിസരത്ത് സഭ സംഭവിച്ചതായി സംശയിക്കയുണ്ടായി. പൊതുവായി, എങ്ങനെയായാലും, യേശു ആവശ്യപ്പെട്ടതു പോലെ അപ്പൊസ്തലന്മാർ യെരുശലേമി നപ്പുറത്തു സാക്ഷികളാകുവാൻ ഇതുവരെയും പോ*യില്ല*. [4]8:1, 4 ലെ “ചിതറി” എന്നതു ഗ്രീക്കുവാക്കു തർജ്ജിമ ചെയ്തതാണ്. അതു വീണു ചിതറി പോകുന്നതിനാണ് ഗ്രീക്കുകാർ ഉപയോഗിച്ചത്. [5]“ഹിറ്റ്മാൻ” വാടക കൊലയാളിയാണ്. തീർച്ചയായും, ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ ശൗലിനു പണം *കൊടുത്ത* സൂചന ഒന്നുമില്ല. താൻ അതു ചെയ്യേണ്ടതാണെന്നു വിചാരിച്ചതുകൊണ്ടാണവൻ അങ്ങനെ ചെയ്തതു (അടുത്ത ലക്കത്തിലെ ശൗലിന്റെ പരിവർത്തനം നോക്കുക). [6]പിന്നീട് ശൗൽ ക്രിസ്ത്യാനികളെ പിടിച്ചു തടവിലാക്കുവാൻ ദമസ്കൊസിലേക്കു പോയപ്പോൾ, അവനെ സഹായിക്കുവാൻ “അവനോടു കൂടെ ആളുകൾ ഉണ്ടായിരുന്നു” (9:7). [7]ഇതിനർത്ഥം ഉപദ്രവം നേരിട്ടപ്പോൾ, ക്രിസ്ത്യാനികൾ ചുറ്റുമുള്ള സുരക്ഷാസ്ഥാനങ്ങളിലേക്കു *ഓടി* പോയെന്നാണോ - അതോ ശൗലും കൂട്ടരും അവരെ ടൗണിൽ നിന്നു *ഓടിച്ചെന്നോ* ആണോ? ഒരുപക്ഷേ ഇതു രണ്ടും ചിലപ്പോൾ നടന്നിരിക്കാം. [8]“വാക്കായ ‘എല്ലാം’ (പാന്റേസ്) അടിക്കടി ഉപയോഗിച്ചിരിക്കുന്നതു പൊതു വായി എന്നു സൂചിപ്പിക്കുവാനാണ് അല്ലാതെ മുഴുവനും എന്നു അർത്ഥത്തിലല്ല” (ജെ.ഡബ്ലിയു റോബെർട്ട്സ്, *ആക്ട്സ് ഓഫ്*

*അപ്പൊസ്തൽസ്,* പാർട്ട് 1 [ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ്കമ്പനി, 1967], 59). [9]അനേക വ്യാഖ്യാതാക്കൾ വിചാരിക്കുന്നതു ഉപദ്രവം മുഖ്യമായും - സ്തെഫാനൊസിനെ പോലെയുള്ള യവനഭാഷക്കാരായ യെഹൂദക്രിസ്ത്യാനികൾക്കു നേരെ ആയിരുന്നു എന്നാണ്. അതുകൊണ്ടു അപ്പൊസ്തലന്മാരും (പ്രാദേശികരായ യെഹൂദ ക്രിസ്ത്യാനികളും) ഒഴിവാക്കപ്പെട്ടു. ഇവരിൽ പെട്ട ഏതാനും ക്രിസ്ത്യാനികൾ യെരുശലേമിൽ തന്നെ കഴിഞ്ഞിരുന്നു (8:2; 9:26; 11:2, 22), ഇവർ പ്രാദേശിക യെഹൂദ ക്രിസ്ത്യാനികളായിരുന്നു എന്നു ഊഹിക്കുന്നു. വേറൊരു വിധത്തിൽ നോക്കിയാൽ, *എല്ലാ* ക്രിസ്ത്യാനികളെയും പട്ടണത്തിൽ നിന്നു ഓടിക്കുക പ്രയാസമാണല്ലൊ, ശൗലിന്റെ പരിവർത്തനശേഷം ചിലർ തിരിച്ച് യെരുശലേമിലേക്കു മടങ്ങി വരികയും ചെയ്തു. പിന്നെ, യെരുശലേം സഭയിൽ ഉണ്ടായിരുന്നവരിൽ ബർന്നബാസും ഉണ്ടായിരുന്നു (11:22), ബർന്നബാസ് കുപ്രൊസ്കാരനായിരുന്നു (ഒരുപക്ഷേ., അവൻ യവന ഭാഷക്കാരനായിരുന്ന യെഹൂദനായിരുന്നേക്കാം) (4:36). 8:1 ലെ "എല്ലാവരും" എന്നതു "യെരുശലേമിലെ മിക്ക യവനഭാഷക്കാരായ ക്രിസ്ത്യാനികൾ" എന്നതിനു പകരം "യെരുശലേമിലെ മിക്ക ക്രിസ്ത്യാനികളും" എന്നു കണക്കാക്കണം. [10]"ഭക്തരായ പുരുഷന്മാർ" എന്നതു ഒന്നുകിൽ ക്രിസ്ത്യാനികൾ അല്ലെങ്കിൽ അക്രൈസ്തവർ (ലൂക്കൊസ് 2:25; പ്രവൃത്തി 2:5; 22:12). ഞാൻ ഊഹിക്കുന്നതു, ഇവർ എല്ലാവരും അല്ലെങ്കിൽ, മിക്കവരും ക്രിസ്ത്യാനികളായിരുന്നു എന്നാണ്, വരാനിടയുള്ള അപകടം നോക്കുമ്പോൾ അക്രൈസ്തവർ ആയിരിക്കയില്ല, ക്രിസ്ത്യാനികളായിരിക്കും തങ്ങളുടെ സഹോദരനായിരുന്ന സ്തെഫാനൊസിനെ അടക്കം ചെയ്തത്.

[11]അഹരോന്റെ പുത്രന്മാർ മരിച്ചപ്പോൾ അവനിൽ നിഷ്കരിച്ച നിയമമായിരു ന്നു ഇത് (ലേവ്യാപുസ്തകം 10:6; യിരെവമ്യാവ് 22:19). [12]ഇതാദ്യമായാണ് സഭയിലെ ഒരു സ്ത്രീയെ ഉപദ്രവിക്കാൻ തുടങ്ങുന്നത. [13]യേശുവിനെ കർത്താവെന്നു ഏറ്റു പറയിക്കാൻ അവൻ *ശ്രമിച്ചു* എന്നർത്ഥം, അവന്റെ കാഴ്ച്ചപ്പാടിൽ അതു ദൂഷണവും മരണത്തിനു യോഗ്യമായ കുറ്റവുമാണ് - അതല്ലെങ്കിൽ അവൻ അവരെ യേശുവിനെ അനുസരിക്കാൻ *നിർബ്ബന്ധിച്ചു* എന്നും അർത്ഥമാക്കാം, അതും അവന്റെ മുൻപിൽ ദൂഷണമാണ് പ്രത്യേകിച്ച് 26-ാം അദ്ധ്യായത്തിലെ അവന്റെ പ്രസ്താവന ഒരു പക്ഷേ രണ്ടാമത്തേതാകാം അർത്ഥമാക്കി യത്. [14]ഈ ചിന്ത എടുത്തതു റിക് ആച്ച്ലെയുടെ, "വിക്ടറി ഇൻ ട്രാജഡി," സ്തേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിലെ 1985 ഏപ്രിൽ 21-ാം തിയ്യതിയിലെ പ്രസംഗത്തിൽ നിന്നാണ്. [15]നിഘണ്ടുവിലെ "ശമര്യർ" എന്ന വാക്ക് നോക്കുക. [16]"ഫിലിപ്പൊസിന്റെയും പത്രൊസിന്റെയും യാത്ര" എന്ന പടം നോക്കുക. [17]വേദശാസ്ത്രപരമായി, ശമര്യക്കാരെ യെഹൂദന്മാരെ അധികം അകറ്റിയിരു ന്നില്ല (പ്രത്യേകിച്ച് സദൂക്യർ), ആഭിചാരക്കാരനായ ശിമോൻ അവരെ സ്വീകരിച്ചതിനാൽ പ്രായോഗികമായി പറഞ്ഞാൽ, അവരുടെ മുൻഗാമികളായിരുന്ന വിഗ്രഹരാധനകളിൽ നിന്നും അവർ അകലെ ആയിരുന്നില്ല. [18]വേറൊരു വിധത്തിൽ, പറഞ്ഞാൽ അവൻ ആത്മാവിന്റെ ഉപദേശം അനുസരിച്ചു (അപ്പൊസ്തലന്മാരിൽ കൂടെ നല്കി). അങ്ങനെ അവന്റെ ജീവിതം ആത്മാവിന്റെ നിയന്ത്രണത്തിലായി. അങ്ങനെ അവന്റെ ജീവിതം "ആത്മാവിന്റെ ഫലങ്ങൾ" പുറപ്പെടിക്കാൻ തുടങ്ങി (ഗലാത്യർ 5:22, 23). [19]രാജ്യത്തിന്റെ ഉയർന്ന പ്രതലത്തിലായിരുന്നു യെരുശലേം സ്ഥിതി ചെയ് തിരുന്നത്. യെരുശലേമിൽ നിന്നു ആരെങ്കിലും ഏതെങ്കിലും ദിശയിലേക്കു പോകുന്നുവെങ്കിൽ "താഴേക്കു" സഞ്ചരിക്കണം (വാക്യം 15). [20]"അഗസ്റ്റസ്" എന്നതിന്റെ ഗ്രീക്കു വാക്കാണ് *സെബാസ്തേ* ചക്രവർത്തിയെ ബഹുമാനിക്കുവാൻ പട്ടണത്തിന്റെ പേർ പുതുക്കി.

[21]"ശമര്യയിലെ ഒരു പട്ടണം" എന്നാണ് NIV യിൽ. ആഭിചാരക്കാരനായ ശിമോന്റെ പാരമ്പര്യ വീട്. [22]പ്രവൃത്തി 6:6 ലെയും 8:18 ന്റെയും വിവരണം നോക്കുക. [23]അത്ഭുതങ്ങളുടെ ഉദ്ദേശം കാണുക, മാർക്കൊസ് 16:20; എബ്രായർ 2:3, 4. ഫിലിപ്പൊസ് ആദ്യം അത്ഭുതം ചെയ്തിട്ട് *പിന്നെ* ആണ് പ്രസംഗിച്ചതു എന്നു ശ്രദ്ധി ക്കുക. ഇന്നു, അത്ഭുത "രോഗശാന്തി" നടത്തുന്നു എന്നവകാശപ്പെടുന്നവർ ആദ്യം പ്രസംഗിച്ചു

ആളുകളെ വൈകാരികമായി ഇളക്കിയ ശേഷം, ‘‘അത്ഭുതത്തിനു’’ വേണ്ടി ഒരുക്കുകയാണ് പതിവ്. [24]അനുബന്ധമായ ലേഖനം - ഭൂതങ്ങൾ “അമാനുഷ ശക്തിയുള്ളവർ” എന്നതു നോക്കുക. [25]ദൈവശ്വാസിയനായ ഡോക്ടർ ലൂക്കൊസ് ശാരീരിക രോഗവും ഭൂത ബാധയും തമ്മിൽ വേർതിരിച്ചു കാണിക്കുന്നതു ശ്രദ്ധിക്കുക. [26]“മാഗി” എന്ന ഗ്രീക്കു വാക്കുമായിബന്ധപ്പെട്ടതാണ് “ജാല വിദ്യ പരിശീല നം” (*മാഗെയുവോൺ*) (മത്തായി 2:1). അതുകൊണ്ടു ശിമോനെ “മാഗസ് ശിമോൻ” എന്നാണ് വിളിച്ചിരുന്നത്. [27]പി.ടി. ബർനാം, എന്ന സർക്കസ് കളിക്കാരനായിരുന്നു, ജീവിച്ചിരുന്നവരിൽ സ്റ്റേജ് ഷോയിൽ അറിയപ്പെട്ടവൻ. [28]ഫിലിപ്പൊസിന്റെ അത്ഭുതത്തിനും ശിമോന്റെ മന്ത്രവാദത്തിലും വൈരുദ്ധ്യങ്ങൾ അനേകം ഉണ്ടായിരുന്നു. ഫിലിപ്പൊസ് ചെയ്തതിൽ മറ്റുകാര്യങ്ങളോ ടൊപ്പം, പ്രായോഗികമായവയും ഉൾപ്പെട്ടിരുന്നു: അവൻ ആളുകളെ സൗഖ്യമാക്കി സന്തോഷിപ്പിച്ചു. ശിമോൻ ആളുകളെ ഭയപ്പെടുത്തി വിഡ്ഢികളാക്കി. മറ്റു വ്യാത്യാസങ്ങൾക്കു, ഒരു ‘‘മാന്ത്രികന്റെ പരിവർത്തനം” എന്ന പ്രസംഗം കാണുക. [29]ഫിലിപ്പൊസ് ചെയ്ത അത്ഭുതങ്ങൾ ശിമോൻ വിസ്മയിച്ചതു അതിന്റെ അധികാരികതയുടെ ശക്തമായ സൗഖ്യമായിരുന്നു. (വിമർശകർ പറയുന്നതു പോലെ), ഫിലിപ്പൊസ് നിസ്സാരമായ സൂത്രവിദ്യയാണ് ചെയ്തിരുന്നതെങ്കിൽ ശിമോൻ ആ നിമിഷം അതു കണ്ടു പിടിക്കുമായിരുന്നു. [30]അയക്കപ്പെട്ടവരിൽ ഒരാൾ യോഹന്നാൻ ആയിരുന്നു എന്നതു ശക്ത സ്പർ ശനം തന്നെ മുൻപു ശമര്യയിലേക്കുള്ള യാത്രയിൽ, ശമര്യക്കാരിൽ തീ ജ്വലിപ്പിക്കുവാൻ അവൻ ശ്രമിച്ചു (ലൂക്കൊസ് 9:52-54).

[31]ദൈവം അത്ഭുതകരമല്ലാത്ത “ആത്മാവിന്റെ വരങ്ങൾ” ശമര്യക്കാരിൽ ആദ്യം കൊടുക്കാതെ പത്രൊസും യോഹന്നാനും ശമര്യയിലേക്ക് യാത്ര ചെയ്തു ശമര്യ ക്കാരിൽ ‘‘ആത്മാവിന്റെ സാധാരണ അളവ്’’ പകർന്നു - അവരെ ദൈവം അംഗീകരിക്കുന്നു എന്നു കാണിക്കുന്നു. ശമര്യക്കാരെ ദൈവം അംഗീകരിക്കുന്നു എന്നു കാണിക്കാൻ പത്രൊസും യോഹന്നാനും ആഗ്രഹിച്ചു എന്നതിനോടു ഞാൻ യോജിക്കുന്നു. പക്ഷെ (1) സ്നാനപ്പെട്ടവരിൽ നിന്നും ദൈവം ഈ അനുഗ്രഹം തടഞ്ഞുവെക്കും എന്നു വിശ്വാസിക്കാൻ പ്രയാസമാണ് ‘‘ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ, അവനുള്ളവനല്ല” (റോമർ 8:9). പത്രൊസും യോഹന്നാനും വരുന്നതു വരെ ശമര്യക്കാർ ക്രിസ്തുവിനുള്ളവർ ആയിരുന്നില്ലേ? (2) പരിശുദ്ധാത്മ ദാനം ലഭിക്കുമ്പോൾ, *ബാഹ്യമായ* അടയാളം ഒന്നും ഇല്ല. അതുകൊണ്ട് ആളുകൾ കണ്ടതു പത്രൊസും യോഹന്നാനും ആളുകളുടെ മേൽ കൈവെക്കുന്നതാണ് *കണ്ടത്*. യെഹൂദന്മാരേയും ശമര്യക്കാരെയും ഒരു പോലെ ദൈവം സ്വീകരിക്കുന്നു എന്നു കാണിക്കുവാൻ വസിക്കുവാൻ നല്കുന്ന ആത്മാവിനാലല്ല, പിന്നെയോ അത്ഭുതവരങ്ങൾ തന്നെയാണ് യോജിച്ചത് (അതു കാണാൻ കഴിയും). [32]ഫിലിപ്പൊസിനു കൈവെച്ച് പരിശുദ്ധാത്മാവിന്റെ ശക്തി പകർന്നു കൊടു ക്കാൻ കഴിയാത്തതുകൊണ്ടു അപ്പൊസ്തലന്മാരിൽ നിന്നും അതു വാങ്ങുവാൻ ശിമോൻ ആഗ്രഹിച്ചു. ഫിലിപ്പൊസിനു അതു കഴിയുമായിരുന്നെങ്കിൽ, അപ്പൊസ്തല ന്മാരിൽ നിന്നും അതു വാങ്ങുവാൻ ശിമോൻ ആഗ്രഹിച്ചു. ‘‘ഫിലിപ്പൊസിനു അതു കഴിയുമായിരുന്നെങ്കിൽ അപ്പൊസ്തലന്മാരിൽ നിന്നു വാങ്ങാൻ ശ്രമിക്കാതെ ഫിലപ്പൊസിൽ നിന്നും അതു വിലയ്ക്കു വാങ്ങുവാൻ ശിമോൻ ശ്രമിച്ചേനെ” (കോഫ്മാൻ, 164). [33]ഇതു ശക്തമായൊരു വാദമാണെന്നു വിശ്വസിക്കുന്നതു കൊണ്ട്, ചേർക്കാൻ മടിക്കുന്നില്ല. അതേസമയം, അത്ഭുതവരങ്ങൾ നിന്നുപോയോ ഇല്ലയോ എന്ന ചോദ്യ ത്തേക്കാൾ അതു അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ മാത്രം പകർന്നു കൊടുത്തി രുന്നു എന്നതാണ് വാസ്തവം. അത്ഭുതവരങ്ങൾ നിന്നുപോയി എന്നു തെളിയിക്കുന്ന *അനവധി* ശക്തമായ വാദ മുഖങ്ങൾ ഉണ്ട്. [34]ശമര്യക്കാരോടു പ്രസംഗിച്ചപ്പോൾ ഒച്ചപ്പാടുണ്ടായില്ലെങ്കിലും ജാതികളോടു പ്രസംഗിച്ചപ്പോഴുണ്ടായി [11:1, 2]. ശമര്യക്കാരെ യേശു സ്വീകരിക്കുന്നുണ്ട് (യോഹന്നാൻ 4:1-42) അതൊരു കാരണമാകാം, അതൊടൊപ്പം ശമര്യക്കാർ പരിച്ഛേദനയെ

വിശ്വസിക്കയും പരിശീലിക്കുകയും ചെയ്തിരുന്നു. [35]പത്രൊസും യോഹന്നാനും "അവർക്കു വേണ്ടി പ്രാർത്ഥിച്ചുവെന്നു 15-ാം വാക്യത്തിൽ പറഞ്ഞതുകൊണ്ട് അവർക്കു പരിശുദ്ധാത്മാവു ലഭിച്ചിരിക്കാം," അപ്പൊസ്തലന്മാർ പ്രത്യേക വരങ്ങൾ പ്രാർത്ഥിച്ചും പകർന്നുകൊടുത്തിരുന്നു എന്നു ചിലർ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ ഏഴുവരുടെ മേൽ അപ്പൊസ്തലന്മാർ കൈവെക്കുന്ന തിനുമുൻപു, പ്രാർത്ഥിച്ചിരുന്നു (6:6). ഏതു സാഹചര്യത്തിലും അപ്പൊസ്തലന്മാർപ്രാർത്ഥിക്കുമായിരുന്നു (1:14, 24; 4:24). ഈ പാഠം ശരിയാണ്, എങ്ങനെയായാലും, വരങ്ങൾ പകുത്തു കൊടുത്തതു അപ്പൊസ്തല ന്മാരുടെ കൈവെപ്പു മൂലമായിരുന്നു എന്നു വേദഭാഗം സ്പഷ്ടമാക്കുന്നു (8:18). [36]"സിമോനി" എന്ന വാക്കുവരാൻ കാരണം ശിമോൻ പണം കൊടുത്തു ദൈ വിക വരം വാങ്ങുവാൻ ശ്രമിച്ചതു കൊണ്ടാണ്. "സിമോനി" (മദ്ധ്യകാലഘട്ടത്തിൽ പ്രാബല്യത്തിലിരുന്ന പാപം). സഭാജോലികൾ അഥവാ നേട്ടങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന രീതി. [37]പത്രോസിന്റെ വാക്കുകൾ ഇംഗ്ലീഷ് സൂചനയിൽ നിന്നും ശക്തമായിരുന്നു. അക്ഷരികമായി, അവൻ പറഞ്ഞു, "നിന്റെ ദ്രവ്യം [പോകട്ടെ] നിന്നോടുകൂടെ [നിത്യമായ] നാശത്തിലേക്ക്!" ഇതിനർത്ഥം പത്രൊസ്, ശിമോനെ ഉടനെ സ്വാഭാവികമായി നരകത്തിലേക്കു അയച്ചു എന്നല്ല. 22-ാം വാക്യത്തിൽ ശിമോനു പാപക്ഷമാപണത്തിനുള്ള സാദ്ധ്യത പറയുന്നുണ്ട്. [38]ഈ കാര്യത്തിൽ "ദൈവത്തിന്റെ ദാനം" അത്ഭുതങ്ങൾ ചെയ്യുവാനുള്ള വരമല്ല, എന്നാൽ അ കഴിവു നല്കുന്നവരമാണ് (അപ്പൊസ്തലന്മാർ പരിശുദ്ധാത്മസ്നാനമേറ്റപ്പോൾ ലഭിച്ചത്). [39]"ഈ കാര്യം" എന്ന പ്രയോഗം രണ്ടർത്ഥത്തിലുള്ളതാണ്. NIV-യിൽ "ഈ ശുശ്രുഷ" (അതായത്, ആളുകളുടെമേൽ കൈവെപ്പ് നടത്തുന്നകാര്യം). പത്രൊസ് പറഞ്ഞതു *രക്ഷ*യുടെ കാര്യമാകാനാണ് സാദ്ധ്യത. "അതായത്, സുവിശേഷത്തിന്റെ അനുഗ്രഹങ്ങളിൽ" (I. Howard Marshall. *The Acts of the Apostles*, The Tyndale New Testament Commentaries, gen. ed. R.V. G. Tasker [Grand Rapids, Mich.: Wm. B. Erdmans Publishing Co., 1980], 159). "അവന്റെ ഹൃദയം ദൈവമുൻപാകെ നേരുള്ളതായിരുന്നെങ്കിൽ," അപ്പോഴും അവനു പരിശുദ്ധാത്മാവിനെ നല്കാൻ കഴിയുമായിരുന്നില്ല" (J. W. McGarvey, *New Commentary on Acts of Apostles,* vol. 1 [Delight, Ark.: Gospel Light Publishing Co., n.d.], 147). [40]അക്ഷരികമായി, ഇതിനർത്ഥം, "നിന്റെ ഹൃദയം നേരുള്ളതല്ല," അതായത് അതു "വക്രതയുള്ളതായിരുന്നു."

[41]പത്രൊസിന്റെ ശക്തമായ വാക്കുകൾ ഒരു സുപ്രധാന സത്യത്തെ അടിവരയിടുന്നു: പാപികൾക്കു "വിഷമസന്ധി" നേരിടുന്ന ഒരു സമയവും സ്ഥലവുമുണ്ട് - പ്രത്യേകിച്ചു അറിയാതെ നരകത്തിലേക്കു കൂപ്പുകുത്തുമ്പോൾ. [42]പിന്നീട് പത്രോസ് 2 പത്രൊസ് 2:20-22 വരെയുള്ള ഭാഗങ്ങൾ പറഞ്ഞപ്പോൾ ഒരുപക്ഷേ അവന്റെ മനസിൽ ശീമോൻ ആയിരുന്നേക്കാം. [43]"ശരീരം ദണ്ഡിപ്പിക്കൽ" എന്നതു സ്വയം അച്ചടക്കം വരുത്തുന്ന അലങ്കാരിക പ്രയോഗമാണ്. പൗലൊസ് തന്റെ ശരീരത്തെ ദുരുപയോഗിച്ചില്ല (1 കൊരിന്ത്യർ 6:19; 3:16, 17). [44]ശരിയെങ്കിൽ, തെറ്റിപ്പോയ ക്രിസ്ത്യാനിയെ കർത്താവിങ്കലേക്കും അവന്റെ സഭയിലേക്കും യഥാസ്ഥാനപ്പെടുത്തി കൊണ്ടുവരാൻ നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ കുറച്ചു സമയം ചെലവിടുക (ഗലാത്യർ 6:1; യാക്കൊബ് 5:19, 20). [45]മുൻപു നാം കണ്ടതുപോലെ, പിന്നീട്, ദൈവശാസ്ത്രീയമല്ലാത്ത എഴുത്തുകളനുസരിച്ചു, ശീമോൻ മാനസാന്തരപ്പെടാതെ, നിക്കൊലേവ്യരെ പോലെ പത്രോസിന്റെ ബദ്ധശത്രുവായി തീർന്നു. ശീമോന്റെ പേർ, ദുരുപദേഷ്ടാക്കളോടു യോജിപ്പിച്ചു പറയുന്നവരോട് ഞാൻ യോജിക്കുന്നു. ശിമോൻ വാസ്തവത്തിൽ മാനസാന്തരപ്പെട്ടോ എന്നത ചോദ്യം അല്ലെങ്കിൽ അവനു മാനസാന്തരപ്പെട്ടു തിരിയുവാൻ കഴിഞ്ഞോ എന്ന ചോദ്യവും ഒരു വ്യത്യാസവും വരുത്തുന്നില്ല (6:5 ലെ നോട്ട് നോക്കുക). [46]പ്രവൃത്തി 1-ൽ "സാക്ഷീകരിച്ചു" എന്നതു "സാക്ഷി" എന്നതിനു ഉപയോഗിച്ച വാക്കിന്റെ ക്രിയാരൂപമാണ്. [47]ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ യാക്കൊബിന്റെ കിണറ്റിനരികിലെ സ്ത്രീക്കു യേശു അർത്ഥമാക്കിയ "ജീവനുള്ള ജലം" എന്തെന്നു മനസിലാക്കുവാൻ അവസരം ലഭിച്ചു (യോഹന്നാൻ 4:10-15). [48]യെഹൂദമതാനുസാരികൾ ആയി

രുന്നവർ സഭയിൽ ഉണ്ടായിരുന്നതായി നാം വായിക്കുന്നുവെങ്കിലും (6:5), അവരുടെ പരിവർത്തനത്തെ വിശദമാക്കി കിട്ടിയിട്ടില്ല. ഈ പുസ്തകത്തിലെ അവസാന പാഠത്തിൽ അതു നാം പഠിക്കും. [49]ദൈവശ്വാസീയമല്ലാത്ത പാരമ്പര്യമനുസരിച്ച് ഷണ്ഡനായിരുന്നു സുവിശേഷം ഐത്യോപ്യയിലെത്തിച്ചത്. ആ പാരമ്പര്യം നമുക്ക് ഇല്ലെങ്കിൽ പോലും, മറ്റു ക്രിസ്ത്യാനികൾ ചെയ്തതുപോലെ ഷണ്ഡനും ചെയ്തു എന്നു നാം മനസിലാക്കണമെന്ന് ലൂക്കോസ് ആഗ്രഹിച്ചു (8:4). [50]ഒരു ഉപദേഷ്ടാവിന്നു ശമ്പളം കൊടുക്കുന്നതു വചനാനുസരണമാണ് (1 കൊരിന്ത്യർ 9). അങ്ങനെ അയാൾക്കു മുഴുവൻ സമയവും പ്രവർത്തിക്കാം, എന്നാൽ *നമ്മുടെ* പ്രവൃത്തി ചെയ്യുവാൻ ഒരു ഉപദേഷ്ടാവിനു ശമ്പളം കൊടുക്കുവാൻ  കഴിയുകയില്ല.

[51]അപ്പൊസ്തലന്മാർ മുഴുവൻ സമയവും പ്രവർത്തിച്ചതു അവരുടെ കുടുംബാംഗങ്ങൾക്കും സഭ ചെലവിനു കൊടുക്കേണ്ടതാണ് (3:6; 6:4; 1 കൊരിന്ത്യർ 9:1-6). [52]ഉപദേശിക്കൽ എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് പരസ്യമായ പ്രഖ്യാപനത്തെയല്ല കാണിക്കുന്നത്. 1 തിമൊഥെയൊസ് 2 ഉം 1 കൊരിന്ത്യർ 14 ഉം അനുസരിച്ച് സ്ത്രീകൾക്കു രഹസ്യമായിരുന്നു. ക്രിസ്തീയ സ്ത്രീകൾ ചെയ്ത പ്രവർത്തികൾക്കുദാഹരണം കാണുവാൻ പ്രവൃത്തി 18:26 നോക്കുക.